LIBRARY ARCHIVES Kerala Legislative Assembly

പി.എം.ജി.എസ്.വൈ. റോഡുകളുടെ നിർമ്മാണം

3 (1474) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ പുതിയ നിബന്ധനകൾ മൂലം പി.എം.ജി.എസ്.വൈ. റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര റോഡുകളുടെ പണി പൂർത്തികരിക്കേണ്ടതായിട്ടുണ്ട്;

(സി) 2011-2016 കാലയളവിൽ പാലക്കാട് ജില്ലയിൽ നിന്നും പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ച പ്രൊപ്പോസലുകളുടെ വിശദ വിവരം നൽകുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ നിബന്ധനകൾ മൂലം പി.എം.ജി. എസ്.വൈ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 377 റോഡുകളുടെ പണി പൂർത്തികരിക്കേണ്ടതുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

പി.എം.ജി.എസ്.വൈ.

4 (1475) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മേയ്ക്ക് ശേഷം ആറ്റിങ്ങൾ മണ്ഡലത്തിലുൾപ്പെടുന്ന വക്കം, ചെറുന്നിയൂർ , മണനൂർ, ഒറ്റൂർ, പുളിമാത്ത്, നഗരൂർ, കിളിമാനൂർ, കരവാരം, പഴയകുന്നുമ്മേൽ പഞ്ചായത്തുകളിലെ ഏതെല്ലാം ഗ്രാമീണ റോഡുകൾ നവീകരിക്കുവാൻ പി.എം.ജി.എസ്.വൈ. ഉൾപ്പെടുത്തി ഇക അനുവദിച്ചിട്ടുണ്ടെന്നും ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചതെന്നും നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത പഞ്ചായത്തുകളിലെ ഏതെല്ലാം റോഡുകൾ പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തി നവീകരിക്കാൻ പുതിയതായി തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?